©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയേഴാമത് റിപ്പോർട്ട്
## (2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016)യുടെ അൻപത്തിയാറാമത് റിപ്പോർട്ടിന്മേലുള്ള**

**ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയേഴാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2014-2016)യുടെ അൻപത്തിയാറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

223/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | : | 15 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

* ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

** ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി

** 2020 മാർച്ച് മാസം 8-ാം തീയതി നിര്യാതനായി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ 67-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അൻപത്തിയാറാമത് റിപ്പോർട്ടിലെ (എറണാകുളം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

## റിപ്പോർട്ട്

### അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 56-ാമത് റിപ്പോർട്ടിലെ (എറണാകുളം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 56-ാമത് റിപ്പോർട്ട് 2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചു. ഈ റിപ്പോർട്ടിൽ ആകെ 11 ശിപാർശകളാണുള്ളത്. എല്ലാ ശിപാർശകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ് എന്നിവ സമിതി (2019-2021)യുടെ 18-9-2019 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

1.4 റിപ്പോർട്ടിലെ 4,14,27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിനുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽനിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

### അദ്ധ്യായം II

### സമിതിയുടെ ശിപാർശകളും, സർക്കാർ സ്വീകരിച്ച നടപടികളും, ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശകളും

#### ഖണ്ഡിക നമ്പർ 4

#### ശിപാർശ

2.1.1 ജില്ലാ പഞ്ചായത്ത്, ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കിയ ജനകീയ ഭവന പദ്ധതിയുടെ കീഴിൽ ബ്ലോക്ക് വിഹിതമായി 1049 വീടുകളുടെ നിർമ്മാണത്തിനാണ്

18,30,000 രൂപ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് നല്കിയതെന്ന് സമിതിക്ക് ലഭ്യമായ റിപ്പോർട്ടിൽനിന്ന് മനസ്സിലാക്കുന്നു. ആയതിൽ 103 ഗുണഭോക്താക്കൾ മാത്രമേ പദ്ധതി പ്രകാരം കാലടി ഗ്രാമപഞ്ചായത്തിൽ ഭവന നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുള്ളൂ. ഈയിനത്തിൽ 17 പേർക്കായി ജില്ലാ പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് അടവാക്കിയ തുക തിരികെ ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പ്രസ്തുത പദ്ധതി അനുസരിച്ച് 97% ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് സർക്കാരിന്റെ അധികവിവര റിപ്പോർട്ടിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നു. ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഹഡ്കോയും സംയുക്തമായി ഏറ്റെടുത്ത് ടി പദ്ധതി വിജയകരമായി നടപ്പാക്കിയെന്നാണ് ഇത് തെളിയിക്കുന്നത്. കാലടി ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രകാരമുള്ള എല്ലാ ഭവനങ്ങളും പൂർത്തിയാക്കിയെന്നത് അഭിനന്ദനാർഹമായ കാര്യമാണെന്ന് സമിതി എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത മൂന്നുപേർ മരണപ്പെട്ടതായും മറ്റുള്ള ഗുണഭോക്താക്കൾ ഭാഗികമായി പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയായതിനാൽ അവയുടെ മേൽനോട്ടവും നടത്തിപ്പും ജില്ലാ പഞ്ചായത്തിനായിരിക്കുമെന്നതിനാൽ പദ്ധതിയിൽ വിഭാവനം ചെയ്ത, പൂർത്തീകരിക്കാത്ത വീടുകൾകൂടി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്തിനോട് സമിതി ശിപാർശചെയ്യുന്നു. കരാർ പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽനിന്നും നഷ്ടത്തുക ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മഞ്ഞപ്ര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും വിജിലൻസ് റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 എറണാകുളം ജില്ലാപഞ്ചായത്ത്, ജില്ലയിലെ വിവിധ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെയും ഹഡ്കോയുടെ സഹായത്തോടെയും നിർധന കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി 2000-2001 വർഷത്തിൽ വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതിയായിരുന്നു ജനകീയഭവനപദ്ധതി. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 11.52 കോടി രൂപ പിരിച്ചെടുത്ത് ഹഡ്കോയിൽ സെക്യൂരിറ്റിയായി നിക്ഷേപിച്ചിട്ടുണ്ടായിരുന്നു.

ടി പദ്ധതി തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചതിന് ശേഷം, മേൽ ജനകീയഭവന പദ്ധതിക്കായി വായ്പ എടുത്തിരുന്ന തുക 33.6 കോടി രൂപ മുഴുവനായും

ഹഡ്കോയിൽ തിരികെ അടച്ച് തീർത്തിട്ടുള്ളതും, ശേഷം ഹഡ്കോയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകയും ആയതിന്റെ പലിശയുമായി 30-4-2010-ൽ തിരികെ ലഭിച്ച തുക എസ്.ബി.ടി. കാക്കനാട് ബ്രാഞ്ചിൽ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതുമാണ്. ജില്ലയ്ക്ക് ആകെ പ്രയോജനമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ സാവകാശം ലഭിക്കുന്നതിനായും, മേൽ പദ്ധതികൾക്ക് സർക്കാർ അനുവാദം ലഭ്യമാകേണ്ടതിനുമായി ടി തുക സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽതന്നെ സൂക്ഷിച്ചിരുന്നു. സർക്കാർ ഉത്തരവ് (സാധാ.) നം. 102/2013/ത.സ്വ.ഭ.വ. തീയതി 16-1-2013 പ്രകാരം ടി തുക ജില്ലാപഞ്ചായത്തിന്റെ സ്കൂളുകളിൽ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും ആശുപത്രികളിൽ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനുമുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അത്തരം പദ്ധതികൾ വിഭാവനംചെയ്ത് നല്ല രീതിയിൽ നടപ്പാക്കിയിട്ടുണ്ട്.

മഞ്ഞപ്ര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ ജനകീയ ഭവനപദ്ധതി സംബന്ധിച്ച എല്ലാ ഫയലുകളും കൊച്ചി വിജിലൻസ് സൂപ്രണ്ടിന്റെ പക്കലാണെന്നും ആയത് വിജിലൻസ് കോടതിയിൽ സമർപ്പിച്ചതായും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.1.3 ജനകീയ ഭവന പദ്ധതിയുടെ കീഴിൽ ബ്ലോക്ക് വിഹിതമായി 1049 വീടുകളുടെ നിർമ്മാണത്തിന് 18,30,000 രൂപ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് നൽകിയിരുന്നു. ഇതിൽ ഇനിയും വീടുപണി പൂർത്തിയാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു:

| ഗ്രാമപഞ്ചായത്ത് | വീടുകളുടെ എണ്ണം |
|---|---|
| അയ്യമ്പുഴ | 7 |
| കാഞ്ഞൂർ | 2 |
| കറുകുറ്റി | 1 |
| മലയാറ്റൂർ | 7 |
| മൂക്കന്നൂർ | 2 |
| ശ്രീമൂലനഗരം | 2 |
| തുറവൂർ | 1 |
| കാലടി | 0 |
| മഞ്ഞപ്ര | ബന്ധപ്പെട്ട ഫയലുകൾ വിജിലൻസിന്റെ പക്കലായതിനാൽ വിവരങ്ങൾ ലഭ്യമല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. |

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുകയിൽ കരാർ ഒപ്പുവെയ്ക്കാതിരുന്ന 17 പേരുടെ വിഹിതം ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്തിൽനിന്ന് തിരികെ ലഭിച്ചിട്ടില്ല.

പ്രസ്തുത ജനകീയ ഭവന പദ്ധതിയ്ക്കായി വായ്പ എടുത്തിരുന്ന തുക (33.6 കോടി) മുഴുവനായും ഹഡ്കോയിൽ ജില്ലാപഞ്ചായത്ത് അടച്ചുതീർത്തിട്ടുള്ളതാണ്. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ജില്ലാ പഞ്ചായത്ത് പിരിച്ചെടുത്ത തുക ഹഡ്കോയിൽ സെക്യൂരിറ്റിയായി നിക്ഷേപിച്ചിരുന്നു. ഹഡ്കോ ലോൺ ജില്ലാപഞ്ചായത്ത് തിരിച്ചടച്ച സാഹചര്യത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി നിക്ഷേപിച്ചിരുന്ന തുകയും ആയതിന്റെ പലിശയും ചേർത്ത് 11,73,96,689 രൂപ 30-4-2010-ൽ ജില്ലാപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നു. ഈ തുക എസ്.ബി.റ്റി. കാക്കനാട് ശാഖയിൽ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഈ തുക സർക്കാർ ഉത്തരവിന്റെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-1-2013 തീയതിയിലെ സ. ഉ. (സാധാ.) നം. 102/2013) അടിസ്ഥാനത്തിൽ ജില്ലയ്ക്കാകമാനമുള്ള വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുള്ളതിനാലാണ് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തുക തിരികെ നൽകാതിരുന്നതെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

ഈ തുക ഉപയോഗിച്ച് ജില്ലയിലെ സ്കൂളുകളിൽ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അത്തരം പദ്ധതികൾ വിഭാവനം ചെയ്ത് നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി 11-10-2018-ലെ കത്ത് മുഖേന ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തുകയും പലിശയും ചേർത്ത് 14,85,20,283 രൂപ ഇതിനകം ഇത്തരം പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ടെന്നാണ് ജില്ലാപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

### തുടർ ശിപാർശ

**2.1.4 ജില്ലാപഞ്ചായത്ത്, ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കിയ ഭവന നിർമ്മാണപദ്ധതിപ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്നുള്ള സമിതി ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 14

**ശിപാർശ**

2.2.1 കണ്ണിയാറപാടം കലുങ്ക് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 22,500 രൂപയും 18,353 രൂപ പലിശയും ഉൾപ്പെടെ 40,853 രൂപ ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടി തുടങ്ങിയ സാഹചര്യത്തിൽ ഈടാക്കിയ 3,768 രൂപ പലിശ സഹിതം ഈടാക്കാനുള്ള തുകയുടെ 10% ത്തിൽ താഴെ മാത്രമേവരുന്നുള്ളൂ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടത്തുക കൺവീനറിൽനിന്നും അടിയന്തരമായി ഈടാക്കുവാനും നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 കണ്ണിയാറപാടം കലുങ്ക് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 40,853 രൂപ കൺവീനറിൽനിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയതായി വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.2.3 ആകെ നഷ്ടംവന്ന 40,853 രൂപയിൽ താഴെപ്പറയുന്ന തുകകൾ അടവാക്കിയിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു:

| | | |
|---|---|---|
| ചെലാൻ നമ്പർ 161/21-10-2018 | - | 3,768 |
| ചെലാൻ നമ്പർ 178/7-7-2016 | - | 9,500 |
| ചെലാൻ നമ്പർ 091119871 /NIL | - | 11,400 |
| | | ------------ |
| ആകെ | - | 24,668 |
| | | ======= |

അവശേഷിക്കുന്ന 16,185 രൂപ ഉത്തരവാദിയിൽനിന്ന് ഈടാക്കി 5-7-2018-ൽ അടയ്ക്കുന്നതാണ് എന്ന് തുറവൂർ വില്ലേജ് ഓഫീസർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുക (16,185) 3-10-2018 വരെ ഈടാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.2.4 കണ്ണിയാറപ്പാടം കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ നഷ്ടത്തിൽ നഷ്ടോത്തരവാദിയിൽനിന്ന് ഈടാക്കാൻ ശേഷിക്കുന്ന തുകകൂടി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 27

**ശിപാർശ**

2.3.1 ഊന്നുകല്ല്-നിരപ്പ് കോളനിയിലെ 13 പട്ടികജാതി കുടുംബങ്ങൾക്ക് ജലസേചനാവശ്യത്തിനായി തുടങ്ങിയ പദ്ധതിയിൽ 2000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, മോട്ടോർപ്പുര, 40 എം.എം. വ്യാസമുള്ള പി.വി.സി. പൈപ്പ് എന്നിവ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 5 എച്ച്.പി. മോട്ടോർ വാങ്ങിയിട്ടില്ലെന്നും പകരം വാങ്ങിയ 1.5 എച്ച്.പി. പമ്പ് സെറ്റിന്റെ ബിൽ സാങ്കേതിക കാരണങ്ങളാൽ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ഗുണഭോക്തൃ സമിതി കൺവീനർ പ്രസ്തുത പമ്പ് തിരിച്ചെടുത്തു എന്നും സർക്കാർ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1.5 എച്ച്.പി. മോട്ടോറിന്റെ ബിൽ ഫയലിൽ ഉണ്ടെങ്കിലും ബിൽ പ്രകാരമുള്ള തുക നൽകിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനാ കുറിപ്പിൽ അറിയിച്ചിരിക്കുന്നു. ജലസേചന സൗകര്യാർത്ഥം ഉള്ള പദ്ധതികൾ പോലും ശരിയായ രീതിയിൽ പ്രാവർത്തികമാക്കാത്തതിലും പദ്ധതി പൂർത്തീകരണത്തിനായി പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താത്തതിലും വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി മോട്ടോർ സ്ഥാപിച്ച് വൈദ്യുത കണക്ഷൻ ലഭ്യമാക്കുകയും വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യണമെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. ആയതിനാൽ പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 ഊന്നുകൽ-നിരപ്പ് ജലസേചന പദ്ധതി 1998-99 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രവൃത്തിയാണ്. വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽനിന്നും 18-4-2016-ന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ബ്ലോക്ക് പഞ്ചായത്ത് സമിതിയിൽ അവതരിപ്പിക്കുകയും പ്രവൃത്തിയുടെ പൂർത്തീകരണത്തിനുള്ള നടപടികൾ ശിപാർശ ചെയ്യുന്നതിനും സാമ്പത്തിക ചെലവ് എത്രവരുമെന്ന് കണക്കാക്കുന്നതിനുമായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കാലപ്പഴക്കം ഉള്ള പ്രവൃത്തി ഭാഗികമായി മാത്രം ചെയ്തിട്ടുള്ളതിനാൽ സാങ്കേതിക വിഭാഗത്തിൽ നിന്നുമുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂഎന്നതിനാലാണ് സബ് കമ്മിറ്റി രൂപീകരിക്കുവാൻ ഇടയായത്. ടി സബ്കമ്മിറ്റി അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഡ് മെമ്പറുടെയും

സമീപവാസികളുടെയും അഭിപ്രായത്തിൽ ആവശ്യാനുസരണം വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി പുനരുജ്ജീവിപ്പിക്കേണ്ട ആവശ്യമില്ലെന്ന് അറിയിച്ചു. കൂടാതെ വി. പി. സജീന്ദ്രൻ എം.എൽ.എ.യുടെ ഫണ്ടിൽനിന്നും മറ്റൊരു കുടിവെള്ള പദ്ധതി ആരംഭിക്കുകയും ആവശ്യാനുസരണം പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുള്ളതുമാകുന്നു. ഈ പദ്ധതി പൂർത്തീകരിക്കണമെങ്കിൽ ചെലവഴിച്ചതിനെക്കാളും കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നും എന്നാൽ പറയത്തക്ക പ്രയോജനം ടി പദ്ധതികൊണ്ട് ഉണ്ടാകാൻ ഇടയില്ലെന്നും സമീപവാസികൾ അഭിപ്രായപ്പെട്ടു. ആയതിനാൽ ടി പദ്ധതി ഇനി ആവശ്യമില്ലെന്നും, ഇതിനാൽ രൂപീകരിച്ച സബ് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.3.3 ലക്ഷ്യം പൂർത്തീകരിക്കാതെ ഭാഗികമായി മാത്രം ചെയ്തിട്ടുള്ളതിനാലും കാലപ്പഴക്കംമൂലവും പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് കൂടുതൽ ചെലവ് വരുമെന്നും ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ.യുടെ ഫണ്ടിൽനിന്നും മറ്റൊരു കുടിവെള്ളപദ്ധതി ആരംഭിക്കുകയും പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാകുന്നുണ്ടെന്നതിനാലും ഈ പദ്ധതി ഇനി ആവശ്യമില്ലാത്തതാണെന്നും ഇതിനായി ബ്ലോക്ക് പഞ്ചായത്ത് രൂപീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിഷയം സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയതിൽ 1998-99-ൽ ഭാഗികമായി നടപ്പിലാക്കിയ ഈ പദ്ധതി ശ്രീ. മത്തായി പാലത്തറ എന്ന വ്യക്തി വിട്ടുനല്കിയ വസ്തുവിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് കാണുന്നു. ജലസേചനാവശ്യമായ കിണർ, മോട്ടോർതറ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥലം ടി വ്യക്തിയുടെ മതിൽ കെട്ടിനുള്ളിലാണ് സ്ഥിതിചെയ്യുന്നത്. നിലവിൽ ഈ പദ്ധതി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ഇതിന് പകരമായി കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടില്ല. 2017-2018 വർഷം ബഹു. എം.എൽ.എ, ശ്രീ. വി. പി. സജീന്ദ്രന്റെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ഈ പ്രദേശത്തേക്ക് വരിക്കോലി ബസ് സ്റ്റോപ്പ് മുതൽ ഊന്നുകൽ നിരപ്പ് വരെ 3,76,960 രൂപ അടങ്കലിൽ 750 മീറ്റർ നീളത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ മാത്രമാണ് നടത്തിയിട്ടുള്ളത്. ഇതിൽനിന്നും നിലവിൽ ഒരു പബ്ലിക്ക് ടാപ്പ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ഭാഗികമായി നടപ്പിലാക്കിയ കുടിവെള്ളപദ്ധതിക്ക് പകരമായി കുടിവെള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല എന്നും പകരം വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ മാത്രമാണ് 2017-18-ൽ നടപ്പിലാക്കിയിട്ടുള്ളതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. മാത്രമല്ല സാങ്കേതിക ഉപദേശത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതി ഉപേക്ഷിച്ചത് എന്ന വസ്തുതയും അറിയിക്കുന്നു.

**തുടർശിപാർശ**

**2.3.4 പതിമൂന്ന് പട്ടികജാതി കുടുംബങ്ങളുടെ ജലസേചനാവശ്യത്തിനായി വിഭാവനം ചെയ്ത ഊന്നുകൽ-നിരപ്പ് കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

## സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽനിന്ന് ലഭിച്ച മറുപടികളും

ഖണ്ഡിക നമ്പർ 8

**ശിപാർശ**

3.1.1 ഓഡിറ്റ് തടസ്സപ്പെടുത്തിയ 6 പ്രവർത്തികളും പരാജയപ്പെടാൻ കാരണം ആസൂത്രണത്തിലെ പിഴവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തി നടത്തിപ്പിൽ കാട്ടിയ നിഷ്ക്രിയ സമീപനവുമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജനകീയാസൂത്രണ പദ്ധതി കാലയളവിൽ നിർവ്വഹണ സമിതി കൺവീനർമാരെ തെരഞ്ഞെടുക്കുന്നതിൽ ധാരാളം അപാകതകൾ കടന്നുകൂടിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. കൺവീനർമാരിൽ ഭൂരിഭാഗവും പദ്ധതി പണം വിനിയോഗിക്കുവാൻ പ്രാപ്തരല്ലാത്തവരോ, സാമ്പത്തികമായി വളരെയധികം പിന്നോക്കം നില്ക്കുന്നവരോ ആയിരുന്നതിനാൽ പദ്ധതിനിർവ്വഹണത്തിൽവന്ന പാളിച്ചയുടെ പേരിൽ നഷ്ടത്തുക തിരിച്ചീടാക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുന്നു. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 ഭാവിയിൽ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും നിർവ്വഹണസമിതി രൂപീകരണം ഉൾപ്പെടെ എല്ലാ വിഷയങ്ങളിലും അതീവ ജാഗ്രത പുലർത്തുന്നതും എല്ലാ പാളിച്ചകളും ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതുമാണെന്ന് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.1.3 നിലവിൽ പദ്ധതി ആസൂത്രണമികവിലും ആയതിന്റെ നിർവ്വഹണത്തിലും ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നുണ്ട്.

ഖണ്ഡിക നമ്പർ 9

**ശിപാർശ**

3.2.1 ചെങ്കൽതോട് ഫോർമേഷൻ പദ്ധതിക്ക് കൺവീനർ മുൻകൂറായി കൈപ്പറ്റിയ തുക പലിശ സഹിതം 67,490 രൂപ ഉള്ളതിൽ 40,512 രൂപ തിരിച്ചടവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ശേഷിക്കുന്ന 26,978 രൂപ കൂടി ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 ചെങ്കൽതോട് ഫോർമേഷൻ പദ്ധതിയ്ക്ക് ബാക്കി ഈടാക്കേണ്ട 26,978 രൂപ റവന്യൂ റിക്കവറി നടപടികൾ മുഖേന ഈടാക്കിയിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.2.3 26,978 രൂപ ചെലാൻ നം. 153/27-6-2016 പ്രകാരം അടച്ചത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 10

**ശിപാർശ**

3.3.1 കിഴക്കേപാടം തോട് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരം നിർത്തിവച്ചതായും അതുവരെയുള്ള ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കാണുന്നു. അളവു പുസ്തക പ്രകാരം 38,398 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ഈയിനത്തിൽ കൺവീനർ 37,500 രൂപ മാത്രമേ കൈപ്പറ്റിയിട്ടുള്ളൂവെന്നും ടി റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നു. നൽകിയ തുകയുടെ മൂല്യത്തേക്കാൾ കൂടുതൽ മൂല്യത്തിനുള്ള പ്രവൃത്തി കൺവീനർ ചെയ്തിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 ബഹു. നിയമസഭാസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.3.3 ബഹു. നിയമസഭാ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി.

<u>ഖണ്ഡിക നമ്പർ 11</u>

**ശിപാർശ**

3.4.1 കല്ലൂപ്പാടം കുളം സംരക്ഷണത്തിനായി കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസായും സെക്വേർഡ് അഡ്വാൻസായും നൽകിയ തുക പലിശ സഹിതം ടിയാനിൽനിന്നും ഈടാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 ബഹു. നിയമസഭാസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.4.3 ബഹു. നിയമസഭാ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി.

<u>ഖണ്ഡിക നമ്പർ 12</u>

**ശിപാർശ**

3.5.1 പോട്ടകുരിശ്ശുമുടി റോഡ് നിർമ്മാണ പ്രവൃത്തിക്ക് 1,02,750 രൂപ കൈപ്പറ്റിയ കൺവീനർ 1,08,156 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മനസ്സിലാകുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം, പ്രവൃത്തിമൂല്യത്തിൽനിന്നും കുറവുചെയ്തിട്ടില്ല എന്ന് വ്യക്തമായ സാഹചര്യത്തിൽ കൺവീനർ കൈപ്പറ്റിയ തുകയും പ്രവൃത്തിമൂല്യവും തമ്മിൽ വ്യത്യാസമുള്ള തുകകുടി തട്ടിക്കിഴിച്ച് ഗുണഭോക്തൃ വിഹിതയിനത്തിൽ ലഭിക്കേണ്ട അവശേഷിക്കുന്ന 2,273 രൂപ കൺവീനറിൽനിന്നും തിരിച്ചീടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 പോട്ടകുരിശ്ശുമൂടി റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് 1,02,750 രൂപ അഡ്വാൻസുകളായി കൈപ്പറ്റിയ കൺവീനർ 1,08,156 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതയിനത്തിൽ അവശേഷിക്കുന്ന 2,273 രൂപ കൺവീനർ തിരിച്ചടച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.5.3 ചെലാൻ നം. 9/27-6-2016 പ്രകാരം 2273 രൂപ അടവാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

<u>ഖണ്ഡിക നമ്പർ 13</u>

**ശിപാർശ**

3.6.1 മഞ്ഞപ്ര പള്ളിറോഡ് മെയിന്റനൻസിനായി കൺവീനർ കൈപ്പറ്റിയ 61,000 രൂപ 43,619 രൂപ പലിശയുൾപ്പെടെ 1,04,619 രൂപ ഈടാക്കുന്നതിന് കൺവീനർ അംഗപരിമിതനായതിനാലും ജപ്തിചെയ്യുന്നതിന് സ്ഥാവര ജംഗമങ്ങൾ ഇല്ലാത്തതിനാലും ആർ.ആർ.നടപടി സാദ്ധ്യമല്ലെന്ന റവന്യൂ അധികാരികളുടെ മറുപടി മുൻനിർത്തി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 ബഹു. നിയമസഭാസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.6.3 ബഹു. നിയമസഭാ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി.

<u>ഖണ്ഡിക നമ്പർ 19</u>

**ശിപാർശ**

3.7.1 സോഡിയം വേപ്പർ ലാമ്പ് വാങ്ങുന്നതിനായി കുറഞ്ഞ ക്വട്ടേഷൻ ക്വാട്ട് ചെയ്ത കമ്പനിക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അനുമതി നല്കിയതെന്നും ക്വട്ടേഷനിൽ ഫിറ്റിംഗ് ചാർജ് അടക്കമുള്ള നിരക്കിൽ ചെയ്യുവാനാണ്

ആവശ്യപ്പെട്ടിരുന്നത്. പ്രോജക്റ്റ് നടപ്പിലാക്കിയതിനുശേഷം ലാമ്പ് ഒന്നിന് 150 രൂപ വീതം ഫിറ്റിംഗ് ചാർജ് നല്കിയ നടപടി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന സമിതി നിർദ്ദേശത്തിന്മേൽ വകുപ്പുയാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന വസ്തുത അതീവ ഗൗരവത്തോടെ സമിതി കാണുന്നു. ലാമ്പുകൾ സ്ഥാപിച്ചു എന്നത് പരിശോധനയിൽ ബോധ്യപ്പെട്ടുവെന്നും ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും സമിതിയിൽ ഉറപ്പുനല്കിയിട്ടും ആയത് പരിശോധിച്ച് നാളിതുവരെ റിപ്പോർട്ട് നല്കാത്ത ഓഡിറ്റ് വകുപ്പിന്റെ നടപടിയും ഉചിതമല്ല. ഇക്കാര്യത്തിൽ സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നതൊടൊപ്പം ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ളതിന്റെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽപ്പെടുത്തിയാണ് 1998-99 വർഷം രണ്ട് ഘട്ടങ്ങളിലായി 7 ഗ്രാമപഞ്ചായത്തുകളിൽ 126 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഈ ലാമ്പുകളുടെ ഫിറ്റിംഗ് ചാർജ് നൽകിയതായ വിഷയത്തിന്മേലുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പിന്നീട് ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തൽസമയത്ത് ബി.ഡി.ഒ. ഇൻ ചാർജ് ആയിരുന്ന ശ്രീ.എൻ.കെ. വേണുവിൽനിന്നും വിശദീകരണം ആരായുകയുംചെയ്തു. ശ്രീ. എൻ.കെ. വേണു ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ നൽകിയ വിശദീകരണത്തിൽ സോഡിയം വേപ്പർ ലാമ്പുകളുടെ ഫിറ്റിംഗ് ചാർജ് നൽകിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായാണെന്നും പ്രസ്തുത തീരുമാനം മിനിട്ട്സ് ബുക്കിൽ എഴുതുവാൻ വിട്ടുപോയിട്ടുള്ളതുമാണെന്നാണ് പറഞ്ഞിട്ടുള്ളത്. കൂടാതെ ഫിറ്റിംഗ് ചാർജ് നൽകിയതുമായി ബന്ധപ്പെട്ട് യാതൊരുവിധ പരാതികളും ഉയരാതിരുന്നത് തന്നെ അംഗങ്ങൾക്ക് ഇക്കാര്യം അറിയാമായിരുന്നത് കൊണ്ടാണെന്നുമാണ് അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 30-7-2013-ൽ കൂടിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ടി വിഷയം ചർച്ച ചെയ്യുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിനും സർക്കാരിനും യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ലായെന്നും തീരുമാനം എടുക്കാൻ വിട്ടുപോകുക മാത്രമേ ചെയ്തിട്ടുള്ളൂവെന്നും അഭിപ്രായപ്പെട്ടു. പ്രസ്തുത കമ്മിറ്റിയുടെ 75/13 നമ്പർ തീരുമാനപ്രകാരം ഫിറ്റിംഗ് ചാർജ് ഇനത്തിൽ നൽകിയ തുക സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.7.3 വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽവരുന്ന ഏഴ് ഗ്രാമപഞ്ചായത്തുകളിലെ 126 വൈദ്യുതി പോസ്റ്റുകളിൽ സോഡിയം വേപ്പർ ലാമ്പ്,

ഫിറ്റിംഗുകൾ എന്നിവ സപ്ലൈചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ടൈടെക് ഇൻഡസ്ട്രീസ്, പെരുമ്പാവൂർ ക്വാട്ട് ചെയ്ത 2,950 രൂപ നിരക്ക് അനുവദിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അവർ ഫിറ്റിംഗ് ചാർജ് പ്രത്യേകം ക്വാട്ട് ചെയ്തിരുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സിൽ ഈ നിരക്ക് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന ശ്രീ. എൻ. കെ .വേണു, മുൻ ബി.ഡി.ഒ., ഇൻ-ചാർജ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച 11-7-2013-ലെ മറുപടിയിൽ 150 രൂപ ഫിറ്റിംഗ് ചാർജുൾപ്പെടെ 3,100 രൂപയാണ് ഒരു യൂണിറ്റിന് ചെലവഴിച്ചിട്ടുള്ളതെന്നും മറ്റ് മൂന്ന് ക്വട്ടേഷനുകളിൽ ഫിറ്റിംഗ് ചാർജ് ഉൾപ്പെടെ ക്വാട്ട് ചെയ്തിരുന്ന തുകയേക്കാൾ കുറഞ്ഞ തുകയാണ് ഇതെന്നും കമ്മിറ്റി തീരുമാനത്തിൽ ഇത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 30-7-2013-ലെ 75/13-ാം നമ്പർ തീരുമാനപ്രകാരം ഫിറ്റിംഗ് ചാർജിനത്തിൽ 18,900 രൂപ നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടി അംഗീകരിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 22</u>

**ശിപാർശ**

3.8.1 ഗവൺമെന്റ് അനുവദിച്ച തുക ഗുണഭോക്തൃ സമിതിക്ക് കൈമാറിക്കഴിഞ്ഞാൽ നിർവ്വഹണ ഉദ്യോഗസ്ഥന് പ്രത്യേകിച്ച് ഒരു പങ്കുമില്ലെന്നും യഥാർത്ഥ ഉത്തരവാദിത്വം ഗുണഭോക്തൃ സമിതിക്കാണെന്നും വിലയിരുത്തിയ സമിതി ഗുണഭോക്തൃ സമിതി വിനിയോഗിച്ച ഫണ്ട് നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കുന്നത് ഉചിതമല്ലെന്ന് അഭിപ്രായപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിലും ഗുണഭോക്തൃ സമിതി അംഗങ്ങൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകളായതിനാൽ ടി തുക തിരിച്ച് പിടിക്കാൻ കഴിയില്ലെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതിക്ക് ബോധ്യമായതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും തുക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ബഹു. നിയമസഭാസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചതായും പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.8.3 ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും തുക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അവസാനിപ്പിക്കാനും സമിതി നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികയുമായി ബന്ധപ്പെട്ട തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതായി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22-6-2016-ലെ 464/2016 നമ്പർ കത്ത് പ്രകാരവും 26-6-2018-ലെ A-1036/06-ാം നമ്പർ കത്ത് പ്രകാരവും ഗ്രാമവികസന വകുപ്പ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം.
2021 ജനുവരി 13.

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും തുടർശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| 1 | 2.1.4 | തദ്ദേശ സ്വയംഭരണ വകുപ്പ് | ജില്ലാപഞ്ചായത്ത്, ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്നുള്ള സമിതി ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.4 | ,, | കണ്ണിയാറപ്പാടം കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ നഷ്ടത്തിൽ നഷ്ടോത്തരവാദിയിൽ നിന്ന് ഈടാക്കാൻ ശേഷിക്കുന്ന തുകകൂടി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.4 | ,, | പതിമൂന്ന് പട്ടികജാതി കുടുംബങ്ങളുടെ ജലസേചനാവശ്യത്തിനായി വിഭാവനം ചെയ്ത ഊന്നുകൽ-നിരപ്പ് കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |